## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5201 | 24-10-2011-ൽ മറുപടിയ്ക്ക്

## പെരിയാറിലെ മാലിന്യങ്ങൾ

ചോദ്യം : ശ്രീ.റ്റി.എ.അഹമ്മദ് കബീർ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പെരിയാർ നദിയെ മാലിന്യമുക്തമാക്കി നിലനിർത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ; | (ബി) ഇതിന്റെ ആദ്യപടിയായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരെ പുനർവിന്യസിപ്പിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു എൻവയൺമെന്റൽ സർവയലൻസ് സെന്റർ ഏലൂരിൽ ഏർപ്പെടുത്തി പ്രവർത്തിപ്പിച്ചു വരുന്നു. 2006 ഡിസംബറിൽ ആലുവയിൽ വച്ച് ജനപ്രതിനിധികളും സന്നദ്ധ സംഘടനകളും മറ്റുമായി ചർച്ച ചെയ്ത് രൂപപ്പെടുത്തിയ പെരിയാർ സംരക്ഷണ ആശയ വിഭാവനത്തിന്റെ വെളിച്ചത്തിൽ പെരിയാർ നദിയെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും പെരിയാറിനെ മാലിന്യമുക്തമാക്കി പുനരുദ്ധാരണം ചെയ്യുന്നതിന് ഉതകുന്ന ഹ്രസ്വ, ദീർഘകാല പദ്ധതികൾ അടങ്ങുന്ന ഒരു കർമ്മ പദ്ധതി തയ്യാറാക്കാനും റൂർക്കി ഐ.ഐ.റ്റിയുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചർച്ച ചെയ്യുകയുണ്ടായി. വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ ഐ.ഐ.റ്റി സമർപ്പിച്ച എസ്റ്റിമേറ്റ് കൂടുതലാണെന്ന കാരണത്താൽ സർക്കാർ (പരിസ്ഥിതി വകുപ്പ്) സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള കേരള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയെ (ഇപ്പോഴത്തെ Directorate of Environment and |

| | |
|---|---|
| | Climate Change) ഇതിനായി ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഏജൻസി പെരിയാറിനെ മാലിന്യമുക്തമാക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കുവാൻ സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡെവലപ്പ്മെന്റിനെ (സി.ഇ.സി) യെ ഏൽപ്പിക്കുകയും അവർ ആയത് തയ്യാറാക്കി കേരള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യ വിമുക്തമാക്കുന്നത് ഉൾപ്പെടെയുള്ള പെരിയാറിന്റെ സമഗ്ര വികസനത്തിനായി ഒരു ബൃഹത് കർമ്മ പദ്ധതിയുടെ നിർദ്ദേശം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും ) സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) പെരുമ്പാവൂർ മുതൽ ഏലൂർ വരെയുള്ള ഭാഗത്തെ ജലമലിനീകരണം ദിനംപ്രതി പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനമെങ്കിലും ആദ്യപടിയായി ഏർപ്പെടുത്തുമോ? | (സി) പെരിയാർ നദിയിലെ എടമുള ബ്രാഞ്ചിലെ പുത്തലത്ത് കടവിൽ നിന്നും ഏലൂർ ബ്രാഞ്ചിലെ വെട്ടുകടവ്, പാതാളം ബണ്ട് എന്നിവിടങ്ങളിൽ നിന്നും ദിവസേന നദീജലം ശേഖരിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഗുണനിലവാരം പരിശോധിച്ചു വരുന്നു. ഇതു കൂടാതെ പെരിയാർ നദിയിൽ നേരിയമംഗലം മുതൽ താഴോട്ട് 13 സ്റ്റേഷനുകളിൽ നിന്നും മാസംതോറും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം തിട്ടപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ